പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2727

21.6.2012ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഭക്ഷ്യധാന്യ സംഭരണം

ചോദ്യം

ഉത്തരം

ശ്രീ. സി. ദിവാകരൻ ;

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ളൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തിന് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

എ) ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രധാനമായും അവലംബിക്കുന്നത് ഇ - ടെണ്ടർ സംവിധാനമാണ്. മാവേലിസ്റ്റോറുകളിൽ ചില സാധനങ്ങൾ താൽക്കാലികമായി ലഭ്യമാകാതിരുന്നിട്ടുണ്ട്. എന്നാൽ നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യം പൂർണ്ണമായി ഒഴിവാക്കാൻ ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. എല്ലാ വിൽപ്പനശാലകളിലും ആവശ്യമായ സ്റ്റോക്ക് വാങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. ഇത്തരത്തിൽ കൂടുതൽ സ്റ്റോക്ക് കുറഞ്ഞ വിലയ്ക്ക് വിപണിയിൽ എത്തിച്ച് വില നിയന്ത്രണമെന്ന ലക്ഷ്യം സാധൂകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നത് ;

ബി) രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലുള്ള വിതരണക്കാർ ഇ-ടെണ്ടറിൽ പങ്കെടുക്കുന്നുണ്ട്. കേരളത്തിനു പുറമെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരാണ് • പ്രധാനമായും പങ്കെടുത്ത് വരുന്നത്.

സി) സപ്ലൈകോ ഓപ്പൺ മാർക്കറ്റിൽ നിന്നും ലോക്കൽ പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങൾ എത്ര ശതമാനം ലാഭത്തിലാണ് വിൽക്കുന്നത് ;

സി) സപ്ലൈകോ ഓപ്പൺ മാർക്കറ്റിൽ നിന്നും ലോക്കൽ പർച്ചേസ് വ്യവസ്ഥയിൽ വാങ്ങുന്ന സാധനങ്ങൾ താഴെ പറയും പ്രകാരം മാർജിൻ ഈടാക്കിയാണ് വിൽക്കുന്നത്.

| നം. | ഇനം | വിൽപ്പനശാലയിൽ വിതരണം ചെയ്യപ്പെടുന്ന ഉൽപ്പന്നങ്ങളുടെ വാങ്ങൽ വിലയിൻമേലുള്ള മാർജിൻ ശതമാനം |
|---|---|---|
| 1 | ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ അരി (ചില്ലറ വിൽപ്പന) | 4% |
| 2 | ബ്രാൻഡഡ്അരി (50 കിലോയിൽ താഴെ) | 8% |
| 3 | ഭക്ഷ്യ എണ്ണ | 8% |
| 4 | തേയില | 13% |
| 5 | കാപ്പി | 13% |
| 6 | കറിപൗഡർ | 13% |
| 7 | ഉപ്പ് | 13% |
| 8 | ബിരിയാണി അരി (ചില്ലറ വിൽപ്പന) | 13% |
| 9 | സി.എഫ്.എൽ ലാമ്പ് | 20% |

മറ്റെല്ലാ സാധനങ്ങളുടെയും വിൽപ്പന വില താഴെപറയും വിധം നിശ്ചയിച്ചിരിക്കുന്നു.

1. വാങ്ങൽ വിലയുടെ 20%ത്തിൽ കുറവാണ് മാർജിനെങ്കിൽ

| | |
|---|---|
| വിൽപ്പനവില=വാങ്ങൽ വില+വാങ്ങൽ വിലയുടെ 11%<br>അല്ലെങ്കിൽ<br>പരമാവധി വിൽപ്പനവില-മാർജിന്റെ 20% | ഇവയിൽ വലുത് ഏതോ അത് |

2.മാർജിൻ 20%വും അതിനുമുകളിലും, 30%ത്തിൽതാഴെയും ആണെങ്കിൽ

| | |
|---|---|
| വിൽപ്പനവില=വാങ്ങൽ വില+വാങ്ങൽ വിലയുടെ 16%<br>അല്ലെങ്കിൽ<br>പരമാവധി വിൽപ്പനവില-മാർജിന്റെ 25% | ഇവയിൽ വലുത് ഏതോ അത് |

3. മാർജിൻ 30 %മോ അതിനുമേലെയോ ആണെങ്കിൽ

| | |
|---|---|
| വിൽപ്പനവില=വാങ്ങൽ വില+വാങ്ങൽ വിലയുടെ 22.5%<br>അല്ലെങ്കിൽ<br>പരമാവധി വിൽപ്പനവില-മാർജിന്റെ 30% | ഇവയിൽ വലുത് ഏതോ അത് |

മേൽപ്പറഞ്ഞ എല്ലാ സാധനങ്ങളും ഡിപ്പോകളിലാണ് വിതരണം ചെയ്യുന്നതെങ്കിൽ 2% മാർജിൻ കൂടുതൽ ഈടാക്കുന്നതാണ്.

| | | | |
|---|---|---|---|
| ഡി) | സപ്ലൈകോയിൽ 'ഇ' ടെൻഡർ സംവിധാനം നിലവിലുണ്ടോ ? | ഡി) | നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ